# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 482 - 02.12.2014 ലെ മറുപടിക്ക്
## കെ.എസ്.ആർ.ടി.സി നവീകരണ പാക്കേജ്

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.എ.എം.ആരിഫ് | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| എ. | കെ.എസ്.ആർ.ടി.സി സമർപ്പിച്ച നവീകരണ പാക്കേജ് പൂർണതോതിൽ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ പാക്കേജിലെ ഏതെല്ലാം ഘടകങ്ങൾ അംഗീകരിക്കുകയുണ്ടായിട്ടില്ലെന്ന് വിശദമാക്കാമോ ; | കെ.എസ്.ആർ.ടി.സി സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പൂർണ്ണതോതിൽ അംഗീകരിച്ചിട്ടില്ല ; പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് 500 കോടി രൂപ 31.03.14 ന് മുമ്പായി നൽകണമെന്ന നിർദ്ദേശവും, ആയതിന്റെ ആവർത്തന ചെലവിലേക്ക് അടുത്ത 12 വർഷത്തേയ്ക്ക് 480 കോടി രൂപ പ്രതിവർഷം നൽകണമെന്ന നിർദ്ദേശവും അംഗീകരിക്കുകയുണ്ടായില്ല. |
| ബി. | നവീകരണ പാക്കേജിന്റെ ഏതെല്ലാം ഭാഗങ്ങൾ അംഗീകരിക്കുകയുണ്ടായി; ഇപ്രകാരം സർക്കാർ ഈ വർഷം കെ.എസ്.ആർ.ടി.സി.യ്ക്ക് ഓരോ മാസവും നല്കാൻ തീരുമാനിച്ച സഹായങ്ങൾ എന്തെല്ലാമാണ് ; ഇതിനകം നല്കിയിട്ടുള്ളത് എന്തെല്ലാമാണ് ; വിശദമാക്കുമോ? | കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണ വുമായി ബന്ധപ്പെട്ട് 07.08.2014 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് തീരുമാനിച്ചു.<br><br>1. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിന് ആവശ്യമായ 480 കോടി രൂപയിൽ 240 കോടി രൂപ പ്രത്യേക സെസ്, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശ പ്രകാരം കെട്ടിവയ്ക്കുന്ന 10% തുക എന്നിവയിൽ നിന്ന് കണ്ടെത്തണം. (പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്ന തിന്റെ ഭാഗമായി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിലേയ്ക്ക് വേണ്ടി വരുന്ന 480 കോടി രൂപയുടെ ആവർത്തന ചെലവിന്റെ 50% ത്തിൽ നിന്നും സെസ് വഴി ഈടാക്കുന്ന തുക കുറച്ചതിന് ശേഷം വരുന്ന തുകയോ, 150 കോടി രൂപയോ ഏതാണോ കുറവ് അത് 2015-16 സാമ്പത്തിക വർഷം |

| | | |
|---|---|---|
| | | മുതൽ 12 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സിക്ക് നൽകാമെന്ന് അറിയിച്ചിട്ടുണ്ട് )<br><br>2. കെ.എസ്.ആർ.ടി.സിയുടെ ആസ്തി പുനർ മൂല്യ നിർണ്ണയം 20.08.2014 നകം പൂർത്തിയാക്കണം.<br><br>3. കെ.എസ്.ആർ.ടി.സിയിൽ നിലവിലുള്ള കടം കുറഞ്ഞ പലിശ നിരക്കിൽ കൂടിയ കാലാവധിയിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളെ കൊണ്ട് കോർപ്പറേഷന് ഗുണകരമായ രീതിയിൽ ഏറ്റെടുപ്പിക്കുന്ന നടപടി എത്രയും വേഗം നടപ്പിലാക്കണം.<br><br>4. കെ.എസ്.ആർ.ടി.സിക്ക് കാലകാലങ്ങളായി നൽകിയ കടം പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് മൂലധനമായി മാറ്റുന്നതാണ്.<br><br>5. കെ.എസ്.ആർ.ടി.സി യിൽ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.<br><br>6. നഷ്ടത്തിലുള്ള 2000 ഷെഡ്യൂളുകൾ ലാഭകരമായ റൂട്ടിലേക്ക് ഡിസംബർ 2014 നകം പുന ക്രമീകരിക്കണം.<br><br>7. G.P.S, G.P.R.S സംവിധാനം ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ എത്രയും വേഗം നടപ്പാക്കുക.<br><br>8. സൗജന്യ പാസുകളും, പെൻഷൻ പാസുകളും നിയന്ത്രിക്കുന്നതു സംബന്ധിച്ച് ആറുമാസത്തിനുള്ളിൽ തീരുമാനമെടുക്കുക.<br><br>9. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്ന തടക്കമുള്ള ചെലവ് ചുരുക്കൽ നടപടികൾ നടപ്പിലാക്കുക.<br><br>10. വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ആറുമാസത്തിനുള്ളിൽ സ്റ്റാഫ് ബസ് റേഷ്യോ കുറച്ച് 5.5 ൽ എത്തിക്കുക.<br><br>11. വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുക. |

| | | |
|---|---|---|
| | | 12. അധിക വരുമാനം ലഭ്യമാക്കുന്നതിന് കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ് തുടങ്ങിയവ ആരംഭിക്കണം.<br><br>13. കെ.എസ്.ർ.ടി.സി യുടെ പക്കലുള്ള അധികഭൂമി വരുമാനം ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കാൻ എത്രയും വേഗം പദ്ധതി തയ്യാറാക്കുക .<br><br>14. മേൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിനൊപ്പം കെ.എസ്.ആർ.ടി. സി.യുടെ മൂലധന ചെലവിലേക്ക് 200 കോടി രൂപ സർക്കാർ നൽകുന്നതാണ്.<br><br>പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി ക്ക് ഈ സാമ്പത്തിക വർഷം മാസം തോറും സഹായം നൽകാമെന്ന് തീരുമാനിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സിക്ക് നടപ്പ സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി ഇതുവരെ 209.85 കോടി രൂപ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**